(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജല വിതരണ മേഖലയിൽ തലസ്ഥാന മേഖലയിൽ വൻകിട പൈപ്പുകളിൽ എത്ര തവണ പൈപ്പുപൊട്ടൽ ഉണ്ടായിട്ടുണ്ട്; ഇതിനായി ഓരോ വർഷവും കരാറുകാർക്ക് നൽകിയ തുക എത്രയെന്നും ഇനി നൽകേണ്ടത് എത്രയെന്നും ആർക്കെല്ലാം എന്നും വ്യക്തമാക്കുമോ; ഇതിലേയ്ക്കായി മാത്രം സാമഗ്രികൾ വാങ്ങുവാൻ ജലവിഭവ വകുപ്പ് എന്ത് തുക ചെലവാക്കി; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ജലവിഭവ വകുപ്പിൽ ചില ഉദ്യോഗസ്ഥരും കരാറുകാരും തമ്മിൽ അവിഹിതബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരം ഉദ്യോഗസ്ഥ/ കരാറുകാർക്കെതിരെ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ 2011-12 കാലയളവിൽ 71.32 കോടി രൂപയും 2012-13 കാലയളവിൽ 86.00 കോടി രൂപയും 2013-14 കാലയളവിൽ 70.39 കോടി രൂപയും 2014 ഒക്ടോബർ വരെ 49.99 കോടി രൂപയും ചെലവാക്കി.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മാടായി, ചെറുതാഴം-കുഞ്ഞിമംഗലം പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി

194 (4480) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മാടായി, കുഞ്ഞിമംഗലം-ചെറുതാഴം പഞ്ചായത്തുകൾ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ കടന്നു പോകുന്നതിന്റെ അടുത്ത പഞ്ചായത്തുകളാണെങ്കിലും പട്ടുവം കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കി ഈ പ്രദേശത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

കുഞ്ഞിമംഗലം-ചെറുതാഴം പഞ്ചായത്തുകൾക്കായി ജിക്കാ പദ്ധതിയുടെ ചെനയന്നൂരിലുള്ള ഗ്രാവിറ്റി മെയിൻ സ്രോതസ്സായി ഒരു കുടിവെള്ള പദ്ധതിക്കുള്ള റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കിയിരുന്നു. എന്നാൽ വിശദമായ എഞ്ചിനീയറിംഗ് പരിശോധനയിൽ ജിക്കാ പദ്ധതിയുടെ ഗ്രാവിറ്റി മെയിനിൽ പ്രസ്തുത പദ്ധതിക്കാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം പങ്കുവയ്ക്കാനുള്ള ശേഷി ഇല്ലാത്തതിനാൽ ഈ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. മാടായി പഞ്ചായത്തിൽ ജിക്കാ പദ്ധതിയുടെ കണ്ണവത്തുള്ള ടാങ്കിൽനിന്നും 2 എം.എൽ.ഡി. വെള്ളം ഉപയോഗിച്ച് ജലവിതരണം നടത്തുന്നുണ്ട്. ബാക്കി സ്ഥലങ്ങളിൽ കൂടി ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തിവരുന്നു. കുഞ്ഞിമംഗലം ചെറുതാഴം പഞ്ചായത്തുകൾക്ക് പൂർണ്ണമായും ജലവിതരണം നടത്താനുള്ള സ്രോതസ്സുകൾ ഇതിനുസമീപത്തായി ഇപ്പോൾ ലഭ്യമല്ല.

ശുദ്ധജല വിതരണ പദ്ധതികളുടെ നവീകരണം

195 (4481) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പഴയ പൈപ്പ്‌ലൈനുകൾ മാറ്റി പകരം പുതിയ എം.എസ്. പൈപ്പ് ഇടുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ശുദ്ധജല വിതരണ പദ്ധതികളുടെ നവീകരണത്തിന് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന കുടിവെള്ള പദ്ധതികളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾക്ക് പകരം അനുയോജ്യമായ പൈപ്പുകൾ ഇടുന്നതിനുള്ള പ്രൊപ്പോസലുകൾ ഓരോ വർഷവും ശേഖരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. ആദ്യപടിയായി പഴയ എ.സി., പ്രീമോ പൈപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly